**പതിനഞ്ചാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**ബഹു സ്പീക്കറുടെ റൂളിംഗ്**
**06-07-2022**

**സഭാ നടപടികളെക്കുറിച്ചുള്ള വാർത്താമാധ്യമങ്ങളുടെ ആക്ഷേപം സംബന്ധിച്ച റൂളിംഗ്**

2022 ജൂലൈ 6-ാം തീയതി സഭാ സമ്മേളനം ആരംഭിച്ചയുടൻതന്നെ സഭയിൽ തുടർച്ചയായുണ്ടായ പ്രക്ഷുബ്ധ സാഹചര്യത്തെത്തുടർന്ന് ചോദ്യോത്തരവേളയും ശൂന്യവേളയും ഒഴിവാക്കി ചർച്ച കൂടാതെ ധനകാര്യ ബിസിനസ് പൂർത്തീകരിച്ച് സമ്മേളനം അവസാനിപ്പിച്ചത് അനിതരസാധാരണവും അപൂർവ്വവുമായ നടപടിയായി ചിത്രീകരിച്ചുകൊണ്ട് സഭയ്ക്കകത്തും പുറത്തും വാർത്താമാധ്യമങ്ങളിലും ആക്ഷേപം ഉയർന്നുവന്നത് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടതായി 07-07-2022-ന് അടിയന്തര പ്രമേയാവതരണത്തിന് മുമ്പ് സഭയെ അറിയിക്കുകയും തുടർന്ന് **ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകുകയും ചെയ്തു.**

"ഇന്നലെ ചോദ്യോത്തരവേളയിൽ എട്ട് പ്രതിപക്ഷ എം.എൽ.എ.-മാരെ ചോദ്യം ഉന്നയിക്കാൻ ക്ഷണിച്ചെങ്കിലും അവർ ചോദ്യം ചോദിക്കാൻ തയ്യാറാകാതെ പ്ലക്കാർഡുകളുയർത്തി

മുദ്രാവാക്യം വിളിച്ച് പ്രതിഷേധിക്കുകയും ഭരണപക്ഷത്തെ അംഗം ഉന്നയിച്ച ചോദ്യത്തിന് ഇരുപക്ഷത്തുനിന്നുമുള്ള ബഹളം കാരണം മന്ത്രിക്ക് മറുപടി പറയാനുള്ള ബുദ്ധിമുട്ട് അറിയിക്കുകയും ചെയ്തിരുന്നു. 27-ാം തീയതി സഭാസമ്മേളനം ആരംഭിച്ച ദിവസം ചോദ്യാേത്തരവേള നിർത്തിവച്ച് ഏതാണ്ട് ഒരു മണിക്കൂർ നേരം സഭാതലത്തിൽ ചേരിതിരിഞ്ഞുള്ള പ്രതിഷേധവും മുദ്രാവാക്യം വിളിയും നടന്ന സാഹചര്യംകൂടി കണക്കിലെടുത്താണ് ഇന്നലെ ചോദ്യോത്തരവേളയും ശൂന്യവേളയും റദ്ദാക്കിയത്. ഗവൺമെന്റ് ബിസിനസ് പൂർത്തീകരിക്കണമെന്ന ചെയറിന്റെ ഉത്തരവാദിത്വം നിർവ്വഹിച്ചതിനെതിരെ നിരുത്തരവാദപരമായ ചില പരാമർശങ്ങൾ വിവിധ കോണുകളിൽനിന്നും ഉയർന്നുവന്ന സാഹചര്യത്തിൽ മുൻകാലങ്ങളിൽ സമാന സന്ദർഭങ്ങളിൽ മുൻ സഭാദ്ധ്യക്ഷന്മാർ കൈെക്കൊണ്ട നടപടിക്രമം ചെയർ വിശദമായി പരിശോധിച്ചതിൽനിന്നും 2000 ജൂൺ മാസത്തിലും 2001 ഒക്ടോബറിലും സമാന സാഹചര്യമുണ്ടാകുകയും ചോദ്യോത്തരവേളയും ശൂന്യവേളയും സസ്പെൻഡ് ചെയ്തുകൊണ്ട് ധനകാര്യ ബിസിനസ്സിലേയ്ക്ക് കടക്കുന്ന സാഹചര്യവുമുണ്ടായി. അതേ രീതിയിൽത്തന്നെയാണ് ഇന്നലെ സഭാനടപടികൾ വേഗത്തിൽ പൂർത്തീകരിക്കാൻ തയ്യാറായതെന്ന് അറിയിക്കുന്നു. ഇതിനേക്കാൾ കൂടുതൽ വിശദീകരണം ആവശ്യമുണ്ടെന്ന് കരുതുന്നില്ല.